# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 803

25.01.2018 ലെ മറുപടിയ്ക്ക്.

## പട്ടികജാതി/പട്ടിക വർഗ്ഗ കോളനികളിൽ കണ്ടുവരുന്ന ആരോഗ്യപ്രശ്നങ്ങൾ

**ചോദ്യം**
**ശ്രീ.വി.ഡി.,സതീശൻ,**
**,, വി.എസ്.ശിവകുമാർ**
**,, സണ്ണി ജോസഫ്**
**,, അനൂപ് ജേക്കബ്**

**ഉത്തരം**
**ശ്രീ. എ. കെ. ബാലൻ**
പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | പട്ടികജാതി/പട്ടിക വർഗ്ഗ കോളനികളിൽ കണ്ടുവരുന്നആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടത്തിയ ഹരികിരണം മെഡിക്കൽ ക്യാമ്പുകൾ വിജയകരമായിരുന്നോ എന്ന് വ്യക്തമാക്കാമോ ; | (എ) | പട്ടികജാതി കോളനികളിൽ നടപ്പാക്കിയ ഹരികിരണം മെഡിക്കൽ ക്യാമ്പുകൾ വിജയകരമായിരുന്നു.<br><br>പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ പട്ടികവർഗ്ഗ കോളനികളിൽ ഹരികിരണം മെഡിക്കൽ ക്യാമ്പുകൾ നടത്തിയിട്ടില്ല. |
| (ബി) | 2017-ൽ ഏതെങ്കിലും പട്ടികജാതി കോളനികളിൽ പ്രസ്തുത മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചിരുന്നോ എന്ന് വെളിപ്പെടുത്താമോ; | (ബി) | 2017-ൽ പട്ടികജാതി കോളനികളിൽ ക്യാമ്പുകൾ നടത്തിയിട്ടുണ്ട്. വിശദവിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്. |
| (സി) | ഇത്തരം പദ്ധതികൾ നടപ്പിലാക്കിയിട്ടും വിവിധ കോളനികളിൽ വിളർച്ച, ജീവിത ശൈലീരോഗങ്ങൾ, ലഹരി ഉപയോഗം എന്നിവ വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പട്ടികജാതി പട്ടികവർഗ്ഗ സങ്കേതങ്ങളിലെ വ്യത്യസ്ത രോഗാവസ്ഥയിലുള്ള രോഗികൾക്ക് പ്രത്യേക പരിചരണവും ചികിത്സയും | (സി) | ശ്രദ്ധയിൽപ്പെട്ട സ്ഥലങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട കോളനികളിൽ ഓരോ ഹോമിയോ ഹെൽത്ത് സെന്ററുകൾ വീതം വകുപ്പിന്റെ ധനസഹായത്തോടെ പ്രവർത്തി ച്ചുവരുന്നു. ലഹരി ഉപയോഗം തടയാനും പ്രാഥമിക ആരോഗ്യപ്രശ്നങ്ങൾ കണ്ടുപിടിച്ച് പരിഹരിക്കാനും വിമുക്തി പോലുള്ള പദ്ധതികളും നടപ്പിലാക്കുന്നുണ്ട്. ചികിത്സയ്ക്ക് ആവശ്യമായ ചെലവുകൾക്ക് ആരോഗ്യ ഇൻഷുറൻസും വകുപ്പ് മന്ത്രിയുടെ ദുരിതാ |

| | | | |
|---|---|---|---|
| | നിരന്തരമായി എത്തിക്കുന്നതിനുള്ള സംവിധാനം ലഭ്യമാക്കുമോ എന്ന് വ്യക്തമാക്കാമോ? | | ശ്വാസ നിധിയിൽ നിന്നുള്ള ധനസഹായവും രോഗികൾക്ക് നൽകിവരുന്നു. |

**സെക്ഷൻ ഓഫീസർ.**